''ഭരണഭാഷ - മാതൃഭാഷ''

**വളരെ അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി2/949/2015

ചാക്ക, തിരുവനന്തപുരം
തീയതി: 20.06.2015

***ചുറ്ററിയിപ്പ്***

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എ.ഐ.ടി.ടി ജൂലൈ 2015 ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി), 2-ാം സെമസ്റ്റർ (റഗുലർ)- പ്രൈവറ്റ് ട്രെയിനികളുടെ അപേക്ഷകൾ (വ്യവസായ തൊഴിലാളികൾ) അപേക്ഷകൾ ലഭ്യമാക്കാൻ നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്;-

സൂചന:- ജി1/784/15(1) നമ്പരായുള്ള 12.6.15 ലെ ചുറ്ററിയിപ്പ്

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015 പരീക്ഷയ്ക്ക് ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി), 2-ാം സെമസ്റ്റർ (റഗുലർ) എന്നീ പരീക്ഷകൾ എഴുതുന്ന പ്രൈവറ്റ് ട്രെയിനികളുടെ (വ്യവസായ തൊഴിലാളികൾ) ഫീസ് ഒടുക്കുന്നതിനുള്ള തീയതി സൂചന പ്രകാരം ദീർഘിപ്പിച്ചിരുന്നു. ആയത് പ്രകാരം അപേക്ഷകൾ 22.06.2015 നകം നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും 27.6.15 നകം ഡയറക്ടറേറ്റിലും ലഭ്യമാക്കാനാണ് നിർദ്ദേശം നൽകിയത്. എന്നാൽ പ്രൈവറ്റ് ട്രെയിനികളുടെ (വ്യവസായ തൊഴിലാളികൾ) അപേക്ഷയിന്മേൽ എം.ഐ.എസ് പോർട്ടൽ മുഖേന അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതുള്ളതിനാൽ ടി വിഭാഗത്തിൽപ്പെടുന്ന ട്രെയിനികളുടെ അപേക്ഷകൾ 22.06.2015 ന് തന്നെ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടതും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പരീക്ഷാവിജ്ഞാപനത്തിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഫീസിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയ ലിസ്റ്റും അപേക്ഷയുടെ ഒരു പകർപ്പും സഹിതം പ്രത്യേക ദൂതൻ മുഖാന്തിരം 24.06.2015 ന് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

എ- 20.6.15